ഉത്തരം

(എ) ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും നമ്മുടെ കാർഷിക സമ്പദ്ഘടനയേയും ചെറുകിട വ്യവസായമേഖലയേയും പൊതുവിതരണ സംവിധാനത്തേയും പ്രതികൂലമായി ബാധിക്കുന്നതാണ്. കാർഷിക വിഭവങ്ങളുടെ സ്വതന്ത്ര ഇറക്കുമതി അനുവദിക്കുക വഴി സംസ്ഥാനത്തിന്റെ കാർഷികമേഖലയിൽ വിലത്തകർച്ച ഉണ്ടായിട്ടുണ്ട്. നാളികേരവും റബ്ബറും നിയന്ത്രിത വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ അടിസ്ഥാനമാക്കി നിർമ്മിക്കുന്ന ടയറുകൾ നാളികേരോൽപ്പന്നങ്ങൾ എന്നിവ സ്വതന്ത്ര ഇറക്കുമതി പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ എല്ലാ കാർഷികോൽപ്പന്നങ്ങളിൻമേലുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ 2001-ൽ പൂർണ്ണമായി നീക്കം ചെയ്യപ്പെടുന്നതുമാണ്. ഇത്തരത്തിലുള്ള നടപടികൾമൂലം കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിലും സംസ്ക്കരണത്തിലും ഏർപ്പെട്ടിരുന്ന ആയിരക്കണക്കിനു തൊഴിലാളികളുടെ തൊഴിലിനേയും വരുമാനത്തേയും ബാധിക്കുമെന്നു മാത്രമല്ല ഇതിന്റെ ദോഷഫലങ്ങൾ സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുകയും ചെയ്യും.

(ബി) ദോഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ ഗുണങ്ങളൊന്നും ഇന്നത്തെ നിലയിലുള്ള പോളിസികൊണ്ട് കാണുന്നില്ല.

(സി-ഇ) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച തടയുന്നതിന് വേണ്ടി റബ്ബർ, കൊപ്ര എന്നീ പ്രധാന വിളകൾക്ക് താങ്ങുവില ഏർപ്പെടുത്തി. ദീർഘകാലാടിസ്ഥാനത്തിലുള്ള സമയബന്ധിത കർമ്മ പരിപാടികളിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനും സംസ്ഥാന സർക്കാരിനെ ഉപദേശിക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റിയും ആ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനും വിവിധ മേഖലകളെ പ്രതിനിദാനം ചെയ്യുന്ന ഏഴ് ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശകൾക്കനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മന്ത്രിമാരുടെ ഔദ്യോഗിക വസതി മോടി പിടിപ്പിച്ച വകയിലെ ചെലവ്

12 (12) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയുടെയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിച്ച വകയിൽ എന്ത് തുക ചെലവായിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ ഓരോ മന്ത്രിയുടെയും ആഫീസ് മോടി പിടിപ്പിക്കുന്നതിന് എന്ത് തുക ചെലവായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഔദ്യോഗിക വസതികൾ മോടി പിടിപ്പിച്ചിട്ടില്ല. എന്നാൽ വസതികളിൽ ആവശ്യം വേണ്ട ഉപകരണങ്ങൾ വാങ്ങിയതിനും വാർഷിക അറ്റകുറ്റപ്പണികൾക്കുംവേണ്ടി ചെലവായ തുകയുടെ വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി) അറ്റകുറ്റപ്പണികൾക്കു വേണ്ടി ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.†

മന്ത്രിമാരുടെ ഡി.എ.

13 (13) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും ചീഫ് വിപ്പും ശമ്പളം, ടി.എ., ഡി.എ., മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, അതിഥി സൽക്കാരം, ടെലഫോൺ കോൾ, എന്റർടെയിൻമെന്റ് അലവൻസ്, വിദേശപര്യടന വേളയിൽ ഇന്ത്യൻ എമ്പസികളും കോൺസുലേറ്റുകളും ഹൈക്കമ്മീഷൻ ആഫീസുകളും ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ പേരിൽ കേന്ദ്രഗവൺമെന്റിലേക്ക് അടച്ച തുക എന്നിവ ഒട്ടാകെ എത്രയാണ് ;

(ബി) ഈ ഇനത്തിൽ ഈ കാലയളവിൽ ഒരു മന്ത്രിയുടെ ശരാശരി ചെലവെത്രയാണ് ;

(സി) 1991-ൽ അധികാരത്തിൽ വന്ന മുൻഗവൺമെന്റിന്റെ കാലത്തെ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയുടേയും ശമ്പളം, ടി.എ., ഡി.എ., മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, അതിഥി സൽക്കാരം, ടെലഫോൺ, എന്റർടെയിൻമെന്റ് അലവൻസ്, വിദേശപര്യടന വേളയിൽ ഇന്ത്യൻ എമ്പസികളും കോൺസുലേറ്റുകളും ഹൈക്കമ്മീഷൻ ആഫീസുകളും ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ പേരിൽ കേന്ദ്രഗവൺമെന്റിലേക്ക് അടച്ച തുക എന്നിവ ഒട്ടാകെ എത്രയായിരുന്നു ; ഈ ഇനങ്ങളിൽ ഈ കാലത്തെ ഒരു മന്ത്രിയുടെ ശരാശരി ചെലവെത്രയായിരുന്നു ;

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാരുടേയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിച്ചതിന് ഒട്ടാകെ എന്ത് ചെലവ് വേണ്ടിവന്നിട്ടുണ്ട് ; ഈ ഇനത്തിൽ ഒരു മന്ത്രിയുടെ ശരാശരി ചെലവെത്ര ;

(ഇ) 1991-ൽ അധികാരത്തിൽ വന്ന മുൻ ഗവൺമെന്റിന്റെ കാലത്തെ എല്ലാ മന്ത്രിമാരുടേയും ഔദ്യോഗിക വസതികൾ മോടിപിടിപ്പിച്ചതിന് ഒട്ടാകെ എന്ത് ചെലവ് വന്നു ; ഈയിനത്തിൽ ഈ കാലയളവിലെ ഒരു മന്ത്രിയുടെ ശരാശരി ചെലവെത്രയായിരുന്നു ?

---

† അനുബന്ധം - V(a,b)

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. ടി. ശിവദാസമേനോൻ : ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി

(എ) 29-7-1999 മുതൽ 12-8-1999 വരെ

വിമാനയാത്രാക്കൂലി	: 41,825 രൂപ
ഡി. എ	: വിദേശത്തെ ഇൻഡ്യൻ എംബസി നൽകിയ കണക്കുകൾ ലഭ്യമല്ല
ഇൻസിഡന്റൽ എക്സ്പെൻസ്	: 5925

കുറിപ്പ്:- (1) ഡിസംബർ മാസത്തിൽ വിദ്യാഭ്യാസ പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ വിദേശസന്ദർശനത്തോടനുബന്ധിച്ചുള്ള ടി.എ/ഡി.എ. സംബന്ധിച്ച കണക്കുകൾ ലഭ്യമായിട്ടില്ല.

കുറിപ്പ് :- (2) മന്ത്രിമാരായ ശ്രീ. എസ്. ശർമ്മ, ശ്രീ. വി. പി. രാമകൃഷ്ണപിള്ള, ശ്രീ. സി. കെ. നാണു, ശ്രീ. ഇ.ചന്ദ്രശേഖരൻനായർ, ശ്രീ. വി. സി. കബീർ മാസ്റ്റർ, ശ്രീ. പാലോളി മുഹമ്മദ്കുട്ടി എന്നിവർ വിദേശയാത്ര നടത്തിയിട്ടില്ല. മറ്റുവിവരങ്ങൾ ശേഖരിച്ചു വരുന്നു.

അനുബന്ധം V (a)

[19-2-2001 ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 12 (12) ന്റെ ഉത്തരം ദയവായി കാണുക]

SL.NO.	NAME OF RESIDENTIAL BUNGALOW	AMOUNT
1	CLIFF HOUSE	Rs.8,04,762
2	KOWDIAR HOUSE	Rs.5,35,555
3	XANADU	Rs.3,96,825
4	ASHOKA	Rs.3,27,853
5	ROSE HOUSE	Rs.4,22,259
6	LYND HURST	Rs. 6,63,866
7	NEST BUNGALOW	Rs. 3,93,789
8	PRASANTH	Rs. 2,63,390
9	ESSENDENE	Rs. 2,42,221
10	MANMOHAN BUNGALOW	Rs. 9,93,311
11	USHUS	Rs. 2,10,648
12	AJANTHA	Rs. 3,80,327
13	THYCAUD HOUSE	Rs. 4,11,386
14	POURNAMI	Rs. 3,75,687

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V (b)

STATEMENT SHOWING EXPENDITURE INCURRED FOR FURNISHING OFFICES OF VARIOUS MINISTERS FOR THE PERIOD FROM JUNE 1996 TO DECEMBER 2000

Sl. No.	Name of office	Amount (Rs.ps.)
1	Office of the Chief Minister	1,19,062.00
2	Minister P.W.D & Education	79,911.00
3	Minister Finance	1,52,390.00
4	Fisheries & Culture	1,68,388.00
5	Minister Food	85,122.00
6	Minister Health & Sports	1,31,370.00
7	Minister Electricity & Co-operation	1,22,261.00
8	Minister SC/ST	23,224.00
9	Minister Local Administration	1,60,158.00
10	Minister Irrigation & Labour	33,301.00
11	Minister Industries & Social Welfare	31,554.00
12	Minister Transport & Devaswom	83,686.00
13	Minister Revenue	33,713.00
14	Minister Agriculture	10,000.00

അനുബന്ധം VI (a)

[19-2-2001- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 14 (14)-ന്റെ ഉത്തരം ദയവായി കാണുക]

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ (15-2-2001 വരെ) ഓരോ മന്ത്രിമാർക്കും ടെലിഫോൺ ചാർജ് ഇനത്തിൽ ചെലവായ തുക

മന്ത്രി	ചെലവഴിച്ച തുക
മുഖ്യമന്ത്രി	54,37,057 രൂപ
ജലസേചനവും തൊഴിലും	22,56,607 രൂപ
ഭക്ഷ്യവും വിനോദസഞ്ചാരവും	21,33,970 രൂപ
റവന്യൂ	31,70,908 രൂപ
വിദ്യാഭ്യാസവും മരാമത്തും	62,17,463 രൂപ
വനവും ഗതാഗതവും	43,04,413 രൂപ

LIBRARY ARCHIVES Kerala Legislative Assembly